# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

No. 607/R2/2022/KDRB

തിരുവനന്തപുരം
09.08.2024

**അറിയിപ്പ്**

ഗുരുവായൂർ ദേവസ്വത്തിലെ **നഴ്സിംഗ് അസിസ്റ്റൻറ് (Female) (കാറ്റഗറി നം. 18/2022) തസ്തികയുടെ** സ്വീകാര്യമായ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അഭിമുഖം **21.08.2024** ന് രാവിലെ **10.30** മുതലും ഗുരുവായൂർ ദേവസ്വത്തിലെ **ഫിസിഷ്യൻ (കാറ്റഗറി നം. 12/2023) തസ്തികയുടെ** സ്വീകാര്യമായ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അഭിമുഖം **22.08.2024** ന് രാവിലെ 10.30 മുതലും ഗുരുവായൂർ ദേവസ്വത്തിലെ **നഴ്സിംഗ് അസിസ്റ്റൻറ്** (Male) (കാറ്റഗറി നം. 17/2022) സ്വീകാര്യമായ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അഭിമുഖം **22.08.2024** ന് രാവിലെ 11 മുതലും **തിരുവനന്തപുരത്തുള്ള കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസിൽ** വച്ച് നടത്തുന്നതാണ്. ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകളുടെ അതേ ക്രമത്തിൽ ആയിരിക്കും അഭിമുഖം നടത്തുന്നത് . ഓരോ രജിസ്റ്റർ നമ്പറിനും നിശ്ചയിക്കപ്പെട്ട സമയത്ത് നേരിട്ട് ഹാജരാകാത്ത ഉദ്യോഗാർത്ഥികളെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല. യാതൊരു കാരണവശാലും അഭിമുഖത്തിന്റെ സമയം നീട്ടി നൽകുന്നതല്ല . അഭിമുഖത്തിന്റെ തീയതി , സമയം , സ്ഥലം ഇവ സംബന്ധിച്ച വിശദാംശങ്ങൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (www.kdrb.kerala.gov.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഉദ്യോഗാർത്ഥികൾക്ക് ഇന്റർവ്യൂ മെമ്മോ അവരുടെ പ്രൊഫൈലിൽ നിന്നും ഡൗൺലോഡ് ചെയാവുന്നതാണ്. എല്ലാ ഉദ്യോഗാർത്ഥികൾക്കും ഇത് സംബന്ധിച്ച് എസ്. എം. എസ് നൽകുന്നതാണ്. **2024 ആഗസ്റ്റ് 16** വരെ യാതൊരു അറിയിപ്പും ലഭിക്കാത്ത ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടവർ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

ഒപ്പ്/-
സെക്രട്ടറി
കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്